കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനാലാം സമ്മേളനം
2000 ജൂൺ 27, ചൊവ്വ

വാല്യം 111] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 7

നിയമസഭ 2000 ജൂൺ മാസം 27 -ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ ..... ചോദ്യം നമ്പർ 181

താരിഫ് റഗുലേറ്ററി കമ്മീഷൻ രൂപീകരണം

1 (*181) ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. ബി. വിജയകുമാർ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് താരിഫ് റഗുലേറ്ററി കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം വൈദ്യുതി ബോർഡിൽ നിന്നോ, എനർജി ഇൻഫ്രാസ്ട്രക്ചർ സർവ്വീസസ് പ്രോജക്ടിന്റെ സ്റ്റിയറിംഗ് കമ്മറ്റിയിൽ നിന്നോ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) എനർജി ഇൻഫ്രാസ്ട്രക്ചർ സർവ്വീസസ് പ്രോജക്ടിന്റെയും അതിന്റെ സ്റ്റിയറിംഗ് കമ്മറ്റിയുടേയും ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് താരിഫ് റഗുലേറ്ററി കമ്മീഷൻ എന്നത്തേക്ക് രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ,

(എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വൈദ്യുതി നയത്തിൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ താരിഫ് റഗുലേറ്ററി കമ്മീഷൻ രൂപീകരിക്കണമെന്ന് വൈദ്യുതി ബോർഡ് സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എനർജി ഇൻഫ്രാസ്ട്രക്ച്ചർ സർവ്വീസസ് പ്രോജക്ട് ഇങ്ങനെയുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടില്ല.

(ബി) ഇന്ത്യ, കാനഡ, കേരളം എന്നീ ഗവൺമെന്റുകളും കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡും സംയുക്തമായി ഏർപ്പെട്ടിട്ടുള്ള ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ 'സിഡ'യുടെ ധനസഹായത്തോടെ കേരളത്തിലെ ഊർജ്ജ രംഗത്തെ വിവിധ പ്രവർത്തനങ്ങളെ സഹായിക്കാൻ വേണ്ടിയുള്ള പദ്ധതിയാണ് ഇ.ഐ.എസ്.പി. പദ്ധതി.

പ്രോജക്ട് സ്റ്റിയറിംഗ് കമ്മറ്റിക്കാണ് പ്രോജക്ടിന്റെ ചുമതല. ഇ.ഐ.എസ്.പി. നടത്തുന്ന പഠനങ്ങളിൽ നിന്ന് ഉരുത്തിരിയുന്ന അഭിപ്രായങ്ങളിൽ ബോർഡിന് ഗുണകരമായവ മാത്രമേ പ്രയോജനപ്പെടുത്താറുള്ളൂ.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ശ്രീമതി റോസമ്മ ചാക്കോ: സർ, സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വൈദ്യുതി നയത്തിന്റെ ഭാഗമായിട്ടാണോ പുതിയ കൺസ്യൂമർ കാർഡിന്റെ പ്രയോഗമെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കാമോ ?

ശ്രീ. എസ്. ശർമ്മ: വൈദ്യുതി നയത്തിൽ ഉപഭോക്താക്കളും ബോർഡും തമ്മിൽ മെച്ചപ്പെട്ട ബന്ധം സ്ഥാപിച്ചെടുക്കുന്നതിന് ഊർജ്ജമേഖലയിൽ നടത്തുന്ന പരിഷ്ക്കാര നടപടിയുടെ ഭാഗമായി കൺസ്യൂമർ കാർഡു കൂടി ഈ നയത്തിന്റെ ഭാഗമായി ലക്ഷ്യം വച്ചിരിക്കുന്നു.

ശ്രീമതി റോസമ്മ ചാക്കോ: സർ, ഇ.ഐ.എസ്.പി.യുടെ നിർദ്ദേശങ്ങൾ ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല എന്നു പറയുന്നുണ്ട്. റെഗുലേറ്ററി കമ്മീഷന്റെ രൂപീകരണത്തിനുശേഷം വൈദ്യുതി ഉപഭോക്താക്കൾക്ക് കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുമോ ; അതോ എന്തെങ്കിലും പ്രത്യേകമായ ലാഭം അവർക്ക് ഉണ്ടാകുമോയെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുമോ ?

ശ്രീ. എസ്. ശർമ്മ: റെഗുലേറ്ററി കമ്മീഷന്റെ രൂപീകരണത്തിനുശേഷം വരേണ്ട ചോദ്യമാണിത്. രൂപീകരണത്തിനുശേഷമേ കൃത്യമായി അതു സംബന്ധിച്ച് പറയാൻ കഴിയൂ. റെഗുലേറ്ററി കമ്മീഷൻ ഇതുവരെ രൂപീകരിച്ചിട്ടില്ല. അത് ഗവൺമെന്റിന്റെ പരിഗണനയിലാണ്.

ശ്രീ. തമ്പാനൂർ രവി: സർ, എനർജി ഇൻഫ്രാസ്ട്രക്ച്ചർ സർവ്വീസസ് പ്രോജക്ടിന്റെ സ്റ്റിയറിംഗ് കമ്മിറ്റിയുടെ തീരുമാനം അനുസരിച്ച് സംസ്ഥാന ഗവൺമെന്റ് ഏതെങ്കിലും കരാറിൽ ഇടപെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ ഏതെല്ലാം ഏജൻസികളുമായിട്ടാണ് അതിൽ ഏതെങ്കിലും വിദേശരാജ്യങ്ങളുണ്ടോ, ഈ കരാറിന്റെ ഭാഗമായിട്ട് താരിഫ് റിവിഷൻ സംബന്ധിച്ച് എന്തെങ്കിലും വ്യവസ്ഥകൾക്ക് ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ : സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനിച്ചതനുസരിച്ച് ഒരു കരാറിലും ഗവൺമെന്റോ ബോർഡോ ഏർപ്പെട്ടിട്ടില്ല. താരിഫ് റിവിഷൻ സംബന്ധിച്ച് ഏതെങ്കിലും ഏജൻസികളുടെ നിർദ്ദേശവും ഗവൺമെന്റ് പരിഗണിച്ചിട്ടില്ല. മന്ത്രിസഭയാണ് താരിഫ് റിവിഷൻ ഏർപ്പെടുത്തിയത്.

ശ്രീ. തമ്പാനൂർ രവി : സർ, സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് അതിന്റെ ചരിത്രത്തിലാദ്യമായി ഏറ്റവും വലിയ കടക്കെണിയിലാണ്. അങ്ങ് ഇവിടെ നൽകിയ കണക്കനുസരിച്ച് 3553 കോടി രൂപയുടെ കടം ഇന്ന് വിദ്യുച്ഛക്തി ബോർഡിനുണ്ട്. അനുസരണയില്ലാത്ത മന്ത്രിയും ഉദ്യോഗസ്ഥൻമാരുമാണ് ഇതിനു കാരണമെന്നാണ് പൊതുവെ മനസ്സിലാകുന്നത്. യാതൊരു നിയന്ത്രണവുമില്ല. ഈ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട്, പബ്ലിക് യൂട്ടിലിറ്റി എന്ന നിലയ്ക്ക് ഇവിടെ നടക്കുന്ന കാര്യങ്ങൾ ജനങ്ങൾക്ക് അറിയാനുള്ള ബാധ്യതയുണ്ട്. ഇതിന്റെ പ്രവർത്തനം മൊത്തം വിലയിരുത്തിക്കൊണ്ടുള്ള ധവളപത്രം പുറപ്പെടുവിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. എസ്. ശർമ്മ : ധവളപത്രത്തിന്റെ കാര്യം ഗവൺമെന്റ് ചിന്തിച്ചിട്ടേയില്ല.

ശ്രീ. കെ. സി. ജോസഫ് : സർ, ബഹുമാനപ്പെട്ട മന്ത്രി ചോദ്യം 'സി'-ൽ ആവർത്തിച്ചു പറഞ്ഞത് കമ്മീഷൻ രൂപീകരണത്തിന്റെ കാര്യം പരിഗണനയിൽ ആണെന്നാണ്. കഴിഞ്ഞ ആറു മാസമായി കേൾക്കുന്ന ഉത്തരമാണിത്. കമ്മീഷൻ രൂപീകരണം വേണ്ടെന്നു വയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? ഈ കാര്യത്തിലുള്ള ഫൈനൽ ഡിസിഷൻ എന്നാണ് ഉണ്ടാകുന്നതെന്നു വെളിപ്പെടുത്താൻ സാധിക്കുമോ ?

ശ്രീ. എസ്. ശർമ്മ : നമ്മളിപ്പോൾ ഉദ്ദേശിച്ച റഗുലേറ്ററി കമ്മീഷനെന്നുള്ളത്, ഗവൺമെന്റ് ലക്ഷ്യമാക്കുന്നത് താരിഫ് മാത്രം അടിസ്ഥാനമാക്കിയുള്ള പ്രശ്നം നിശ്ചയിക്കുന്നതിനാണ്, ഇതൊരു കൃത്യമായ തീരുമാനത്തിലെത്തി മുൻപോട്ടു നീങ്ങാത്തത്, സെൻട്രൽ ഗവൺമെന്റ് ഇലക്ട്രിസിറ്റി ബിൽ, 2000 എന്നു പറഞ്ഞൊരു ബിൽ ലോകസഭയിൽ പൈലറ്റ് ചെയ്തുകഴിഞ്ഞിരിക്കുകയാണ്. ഇപ്പോൾ നടക്കാൻ പോകുന്ന ലോകസഭ എന്താണ് തീരുമാനിക്കാൻ പോകുന്നത് എന്നുള്ളതുകൂടി മനസ്സിലാക്കിക്കൊണ്ടു മാത്രമേ തുടർന്നൊരു സ്റ്റെപ് നമുക്കെടുക്കാൻ കഴിയുകയുള്ളൂ. ഗവൺമെന്റ് ഇപ്പോൾ നിർദ്ദേശിച്ച താരിഫ് മാത്രമുള്ള കാര്യമാണെങ്കിൽ സെൻട്രൽ ഗവൺമെന്റിന്റെ പുതിയ ബിൽ അനുസരിച്ച് റെഗുലേറ്ററി കമ്മീഷനോടുകൂടി ഇതെല്ലാം താരിഫ് ആകുകയാണ്. ഫലത്തിൽ ഇലക്ട്രിസിറ്റി ബോർഡ് തന്നെ മാൻഡേറ്ററിയായിട്ട് ഇല്ലാതാകുകയാണ്. പുതിയകമ്പനി രൂപീകൃതമാകുമെന്നാണ് ആ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. അതുപ്രകാരം നോക്കുമ്പോൾ ആ ബില്ലിന്റെ വരവും നിൽപ്പും അതിന്റെ പോക്കും മനസ്സിലാക്കിക്കൊണ്ടു മാത്രമേ നമുക്കൊരു നിലപാട് സ്വീകരിക്കാൻ കഴിയുകയുള്ളൂ. നമ്മളിൽ നിന്നും വ്യത്യസ്തമായ ചില സാഹചര്യം, സപ്ലൈ ആക്ടിൽ ഭേദഗതി വരുത്തി പുതിയ ബിൽ തന്നെ സെൻട്രൽ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന ഒരു സാഹചര്യമുള്ളതുകൊണ്ടാണ് കമ്മീഷൻ രൂപീകരണം പരിഗണനയിലാണെന്ന വാക്കിൽ മാത്രം ചുരുക്കി മറുപടി പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എളമരം കരീം : കേന്ദ്രസർക്കാരിന്റെ വൈദ്യുതിരംഗത്തെ പുതിയ നയം പൂർണ്ണമായും നടപ്പിലാക്കിയതിന്റെ ഫലമായി ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ വൈദ്യുതിനിരക്ക് വൻതോതിൽ ഉയരുകയും ജനങ്ങൾ വലിയ പ്രക്ഷോഭത്തിലേയ്ക്ക് ഇറങ്ങുകയും ചെയ്ത സാഹചര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എസ്. ശർമ്മ : ആന്ധ്രാപ്രദേശിലും, മഹാരാഷ്ട്രയിലും മാത്രമല്ല ഒറീസ്സ തുടങ്ങിയ മറ്റുചില സ്റ്റേറ്റുകളിലും ഇപ്രകാരം പുതിയ പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തിയതിന്റെ ഫലമായി സംഭവിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ആന്ധ്രയിൽ ഒരു യൂണിറ്റ് വൈദ്യുതിക്ക് ഇപ്പോൾ ഏഴു രൂപാ അൻപതു പൈസയാണ്. കേരളത്തിൽ ഒരു യൂണിറ്റ് വൈദ്യുതിക്ക് ശരാശരി ഒരു രൂപ എൺപതു പൈസയാണ്.

ശ്രീ. ടി. എം ജേക്കബ് : സർ, ബഹുമാനപ്പെട്ട മന്ത്രി 'ബി' ചോദ്യത്തിന് മറുപടി നൽകിയിരിക്കുന്നത് ഇന്ത്യ, കാനഡ, കേരളം എന്നീ ഗവൺമെന്റുകളും കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡും സംയുക്തമായി ഏർപ്പെടുത്തിയിട്ടുള്ള ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ 'സിഡ' യുടെ ധനസഹായത്തോടുകൂടി കേരളത്തിൽ ഊർജ്ജരംഗത്ത് വിവിധ പ്രവർത്തനങ്ങളെ സഹായിക്കാൻവേണ്ടി ഉള്ള പദ്ധതിയാണ് ഇ.ഐ.എസ്.പി. പദ്ധതി എന്നാണ്. ഇതിൽ കാനഡ ഗവൺമെന്റിൽ നിന്ന് എന്തെല്ലാം ഉപദേശങ്ങളാണ്, എന്തെല്ലാം സഹായങ്ങളാണ് നമ്മുടെ സംസ്ഥാനത്തിന് ലഭിക്കുന്നത് ? കനേഡിയൻ ഗവൺമെന്റിൽ നിന്നും നമ്മുടെ സംസ്ഥാനത്തേക്ക് ഇതുവരെ എന്തു തുക വിവിധ പദ്ധതികൾക്കായി ലഭിച്ചിട്ടുണ്ട്. ഇതെന്നാണ് മടക്കിക്കൊടുക്കേണ്ടത് എന്നുള്ള വിവരം വ്യക്തമാക്കുമോ ?

ശ്രീ. എസ്. ശർമ്മ : തുക എത്ര ലഭിച്ചുവെന്നുള്ളത് പ്രത്യേക ചോദ്യത്തിലൂടെ മാത്രമേ ഉത്തരം പറയാൻ കഴിയുകയുള്ളൂ. ഇടുക്കി പദ്ധതി മുതൽ പല പ്രോജക്ടുകളിലും കേരളത്തിൽ ഊർജ്ജോൽപ്പാദന നിലയങ്ങൾ സ്ഥാപിച്ചിട്ടുള്ളതും വൈദ്യുതി രംഗത്തെ വികസനപ്രവർത്തനങ്ങൾ നടത്തി വരുന്നതും കനേഡിയൻ ഗവൺമെന്റിന്റെ സഹായത്തോടുകൂടിയാണ്. ഇപ്പോൾ മലപ്പുറം ജില്ലയിൽ തിരൂർ-എടപ്പാൾ, എടപ്പാൾ-കുറ്റിപ്പുറം ലൈൻ, കുറ്റിപ്പുറം-ഷൊർണ്ണൂർ ലൈൻ, കുറ്റിപ്പുറം-കൂറ്റനാട് ലൈൻ തുടങ്ങിയവയുടെ വർക്കിന്റെ കുറേ ഭാഗങ്ങൾ കനേഡിയൽ ഗവൺമെന്റിന്റെ എനർജി ഇൻഫ്രാസ്ട്രക്ച്ചറിന്റെ ഗ്രാന്റുപയോഗിച്ചാണ് നിർവ്വഹിച്ചിരുന്നത്. സ്റ്റേറ്റിന്റെ പല ഭാഗത്തും ഇങ്ങനെയുണ്ട്. തുക എത്രയാണെന്നുള്ളത് പ്രത്യേക ചോദ്യമുണ്ടെങ്കിൽ മാത്രമേ കൃത്യമായി പറയാൻ കഴിയുകയുള്ളൂ.

ശ്രീ. ജി. കാർത്തികേയൻ : സർ, കേന്ദ്രഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന ഇലക്ട്രിസിറ്റി ബിൽ 2000-ത്തിനോട് കേരളത്തിലെല്ലാവർക്കും പൂർണ്ണമായി വിയോജിപ്പാണുള്ളത്. ഗവൺമെന്റിന്റെ നിലപാടിനോടുതന്നെ പ്രത്യേകിച്ചും അഖിലേന്ത്യാതലത്തിൽപോലും ഞങ്ങളുടെ പ്രസ്ഥാനങ്ങളും വിയോജിപ്പു പ്രകടിപ്പിച്ചിട്ടുണ്ട്. 1998-ൽ അന്നത്തെ വൈദ്യുതി മന്ത്രി കൊണ്ടുവന്ന കേരളത്തിലെ വൈദ്യുതി നയത്തിൽ പറഞ്ഞിട്ടുള്ള ധാരാളം കാര്യങ്ങൾ അതേ സമാനതയിൽ

കേന്ദ്രഗവൺമെന്റ് കൊണ്ടുവന്ന ഇലക്ട്രിസിറ്റി ബിൽ 2000-ത്തിലും വന്നിട്ടുണ്ട്. താരിഫ് റെഗുലേറ്ററി കമ്മീഷൻ ഉൾപ്പടെയുള്ള കാര്യങ്ങൾ അതിൽ വന്നിട്ടുണ്ട്. 1998-ൽ ഈ ഗവൺമെന്റ് അവതരിപ്പിച്ച വൈദ്യുതി നയത്തിൽ പറയുന്ന പ്രധാനപ്പെട്ട കാര്യങ്ങളിൽ പലതും നാം എതിർക്കുന്ന കേന്ദ്രഗവൺമെന്റിന്റെ ഇലക്ട്രിസിറ്റി ബിൽ 2000-ലുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ ?

ശ്രീ. എസ്. ശർമ്മ : സർ, സംസ്ഥാന ഗവൺമെന്റ് 1998-ൽ കൊണ്ടുവന്ന നയവും ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന ഇലക്ട്രിസിറ്റി ബില്ലും തമ്മിൽ അക്ഷരങ്ങളിൽ എവിടെയെങ്കിലും എന്തെങ്കിലും സമാനത കണ്ടേക്കാമെങ്കിലും ഉള്ളടക്കത്തിൽ പൂർണ്ണമായും entirely different ആണ്. സെൻട്രൽ ഗവൺമെന്റ് എല്ലാ ഇലക്ട്രിസിറ്റി ബോർഡുകളും പ്രൈവറ്റൈസ് ചെയ്യുന്നതിനു വേണ്ടിയാണ് ഈ ബില്ലിൽ അടിസ്ഥാനപരമായി ലക്ഷ്യം വയ്ക്കുന്നത്. എന്നാൽ സംസ്ഥാന ഗവൺമെന്റിന്റെ ലക്ഷ്യം പൂർണ്ണമായും പൊതുമേഖലയെ സംരക്ഷിച്ചുകൊണ്ടായിരിക്കണമെന്നതാണ്. അപ്പോൾ സ്വകാര്യവൽക്കരിക്കുന്നതിനും പൊതുമേഖലയെ സംരക്ഷിക്കുന്നതിനും ഉള്ളടക്കത്തിലും വീക്ഷണത്തിലും തികച്ചും വ്യത്യസ്ഥതയുണ്ടെന്നുള്ള ആ മൗലികസ്വഭാവം അങ്ങ് പരിഗണിക്കുകയും മനസ്സിലാക്കുകയും ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, നമ്മുടെ വിദ്യുച്ഛക്തിയുടെ താരിഫ് നിരക്ക് കഴിഞ്ഞ 5 വർഷമായി ഭീമമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇത് പ്രത്യേകിച്ചുമുണ്ടായിരിക്കുന്നത് നമ്മുടെ ജലവൈദ്യുത സ്രോതസ്സുകൾ നമുക്ക് ഉപയോഗിക്കാൻ കഴിയാത്തതുകൊണ്ടാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളൊക്കെ അതുപയോഗിച്ചു. അതുപയോഗിച്ചുകഴിഞ്ഞശേഷമാണ് നമ്മുടെ വനസംരക്ഷണ നിയമമുൾപ്പടെയുള്ള നിയമങ്ങൾ വന്നത്. നമ്മുടെ സൈലന്റ് വാലിയുൾപ്പെടെ 20 കൊല്ലങ്ങൾക്കു ശേഷം അനുവാദം നൽകാമെന്നാണ് അന്ന് ശ്രീമതി ഇന്ദിരാ ഗാന്ധിയുടെ ഗവൺമെന്റ് കേരള ഗവൺമെന്റിന് ഉറപ്പു തന്നിരിക്കുന്നത്. അത് ഫയലിൽ കാണും. ഈ ജലവൈദ്യുതി പദ്ധതികൾ കൂടി നമ്മൾ പൂർണ്ണമായി ഏറ്റെടുത്ത് കുറഞ്ഞ ചെലവിൽ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിച്ചില്ലായെങ്കിൽ receiving end എന്നുള്ള നിലയിൽ കൽക്കരിയാണെങ്കിലും ഓയിലാണെങ്കിലും വില വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ നമ്മുടെ വൈദ്യുതി താരിഫ് സ്വാഭാവികമായും വളരെ വർദ്ധിപ്പിക്കേണ്ടിവരും. അതുകൊണ്ട് ഈ സഭ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ സൈലന്റ് വാലിക്കുള്ള പ്രൊട്ടക്ഷൻ കൊടുത്തുകൊണ്ട് 20 കൊല്ലത്തിനുശേഷം അനുവദിക്കാമെന്നുള്ള കേന്ദ്ര ഗവൺമെന്റിന്റെ ഉറപ്പ് നടപ്പിലാക്കി അന്തർസംസ്ഥാന നദീജല പ്രശ്നവുമായി ബന്ധപ്പെട്ടതുൾപ്പെടെയുള്ള ജലവൈദ്യുത സ്രോതസ്സുകൾ ഉൽപ്പാദനം ആരംഭിക്കാൻ കഴിയുന്ന പ്രവർത്തനങ്ങളുമായി ഗവൺമെന്റ് മുന്നോട്ടു നീങ്ങി തെർമ്മൽ പവറും ഹൈഡ്രൽ പവറും പൂൾചെയ്ത് വിലനിയന്ത്രിക്കാൻ കഴിയുന്ന ഒരു സാഹചര്യത്തിലേയ്ക്ക് നീങ്ങുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ : സർ, ഇതുരണ്ടും കൂടി മിക്സ് ചെയ്താണ് ഇപ്പോൾ വില ഫിക്സ് ചെയ്യുന്നത്. ജലവൈദ്യുത പദ്ധതികളെ മാത്രം നാം ആശ്രയിച്ചു കഴിഞ്ഞിരുന്ന സാഹചര്യത്തിൽ നിശ്ചയിച്ചിരുന്ന താരിഫും, ഊർജ്ജ ഉപയോഗം കൂടുകയും ഉൽപാദനം മുരടിപ്പിലേയ്ക്ക് പോകുകയും ചെയ്തപ്പോൾ താപ നിലയങ്ങളെ ആശ്രയിക്കേണ്ടത് അനിവാര്യമായിത്തീർന്ന സാഹചര്യത്തിൽ നിശ്ചയിച്ചിട്ടുള്ള താരിഫും തമ്മിൽ വ്യത്യാസമുണ്ട്. അതിനൊരു പ്രാധാന്യമില്ല. ഇരുട്ടിൽനിന്നും രക്ഷപ്പെടാൻ അത് അനിവാര്യമായിത്തീർന്ന ഒരു സാഹചര്യം ഉണ്ടായി. ഇപ്പോൾ രണ്ടുംകൂടി മിക്സ് ചെയ്തിട്ടാണ് താരിഫ് നിശ്ചയിച്ചു പോകുന്നത്. 20 കൊല്ലത്തിനുശേഷം നിബന്ധനകൾക്ക് വിധേയമായി ആകാമെന്നുള്ളത് പ്രത്യേക രൂപത്തിൽ ഒരു പരിശോധന ഗവൺമെന്റ് നടത്തിയിട്ടില്ല. പക്ഷേ സൈലന്റ് വാലിക്കു താഴെ നമ്മളന്ന് കണക്കാക്കിയിരിക്കുന്ന ലക്ഷ്യം വച്ചുകൊണ്ട് ബാക്കിയുള്ള പ്രദേശങ്ങളിൽ നിന്നും 60 മെഗാവാട്ട്, 100 മെഗാവാട്ട്, 120 മെഗാവാട്ട്, എന്നീ രൂപത്തിൽ ഫലത്തിൽ അത്രതന്നെ മെഗാവാട്ടിന്റെ പ്രയോജനം ലഭ്യമാക്കത്തക്കവിധത്തിൽ വികേന്ദ്രീകരിച്ചു കൊണ്ടുള്ള ഒരു പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിനുമുൻപിൽ ഞാൻ സമർപ്പിക്കുകയുണ്ടായി. കേന്ദ്രം ജലവൈദ്യുത പദ്ധതികളുടെ കാര്യത്തിൽ പൊതുവിൽ ഡിക്ലെയർ ചെയ്തിരിക്കുന്ന ഒരു പോളിസി നോക്കുമ്പോൾ ഫലത്തിൽ വാക്കുകൊണ്ട് ഒരു പോസിറ്റീവായിട്ട് തോന്നുന്നുണ്ട്. കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രിയെ കണ്ടു സംസാരിച്ച സന്ദർഭത്തിൽ run of the river system പ്രകാരം പവർ ജനറേറ്റു ചെയ്യുന്നതിനു വേണ്ടിയുള്ള ഒരു അനുകൂല നിലപാട് സ്വീകരിക്കാമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. അതനുസരിച്ചുള്ള ശ്രമം തുടരുന്നുണ്ട്.

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, കാസർകോട് ജില്ലയിലെ മൈലാട്ടിയിൽ ഡീസൽ പ്ലാന്റിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നതിൽ അവിടുത്തെ നാട്ടുകാർക്ക് പ്രയാസമുണ്ടാക്കുന്ന കാര്യങ്ങളാണെന്നു പറഞ്ഞുകൊണ്ട് മൂന്നു മാസമായി സമരം നടത്തികൊണ്ടിരിക്കുകയാണ്. അതുസംബന്ധിച്ച് ഗവൺമെന്റ് എടുത്ത നിലപാടെന്താണെന്ന് വ്യക്തമാക്കാമോ ? പോലീസ് ഇപ്പോൾ ആ സമരത്തെ അടിച്ചമർത്തുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എസ്. ശർമ്മ : സർ, അവിടെ 20 മെഗാവാട്ടിന്റെ പ്രവർത്തനമാണ് ഇപ്പോൾ നടന്നുവരുന്നത്. അത് എല്ലാ നടപടിയും പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചപ്പോൾ പരിസ്ഥിതി പ്രശ്നം ഉന്നയിച്ചുകൊണ്ടുള്ള തർക്കവും പബ്ലിക്കിന് ബുദ്ധിമുട്ടുണ്ടാകുന്നു എന്നുള്ള നിലയിൽ പ്രക്ഷോഭണവും പൊതുവിൽ ഉയർന്നുവരുകയുണ്ടായി. കളക്ടറും ബന്ധപ്പെട്ട ജില്ലാ പ്രതിനിധികളും ഒരു ഘട്ടത്തിൽ കോൺഫറൻസ് വിളിച്ചു, ശ്രീ. പി. രാഘവൻ ഒരു കോൺഫറൻസ് വിളിച്ച് എല്ലാവരുമായി ഡിസ്ക്കസ് ചെയ്തു ; അവരെല്ലാം കൂടി അഭ്യർത്ഥിച്ചതനുസരിച്ച് ഞാൻതന്നെ കാസർകോട്ടുപോയി സർവ്വകക്ഷി യോഗം വിളിച്ചുചേർത്ത് ചർച്ച നടത്തുകയുണ്ടായി. അപ്പോൾ ഇതു സംബന്ധിച്ച് മനസ്സിലാക്കാനും പഠിക്കാനും വേണ്ടി കോഴിക്കോട് ഡീസൽ പ്ലാന്റും അതുപോലെ ആവശ്യമെങ്കിൽ കായംകുളവും സന്ദർശിച്ചതിനുശേഷം ഒരു നിലപാടെടുക്കാമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പറയത്തക്ക

ഉൽക്കണ്ഠയില്ലെന്ന് കോഴിക്കോട്ടുപോയ സംഘത്തിന് ബോധ്യം വരുകയുണ്ടായി. പിന്നീട് ഗവൺമെന്റ് ഒരു അഷ്വറൻസ് കൊടുക്കണമെന്ന് കളക്ടറും സർവ്വക്ഷി പ്രതിനിധികളും ആവശ്യപ്പെട്ടതിനെത്തുടർന്ന് വീണ്ടും മൂന്നാഴ്ചകൾക്കുമുൻപ് തിരുവനന്തപുരത്ത് ഒരു കോൺഫറൻസ് വിളിച്ചു. ആ കോൺഫറൻസിൽ വച്ച നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് വെള്ളത്തിന്റെ കാര്യത്തിലും മറ്റുകാര്യത്തിലുമൊക്കെ ഒരു പരിശോധന നടത്തി ഒരു പോപ്പുലർ കമ്മറ്റി രൂപീകരിക്കണം, അതിനൊരു ഔദ്യോഗിക സ്വഭാവമുണ്ടാക്കണമെന്നുപറഞ്ഞു. അതനുസരിച്ച് ഗവൺമെന്റ് കമ്മറ്റി രൂപീകരിച്ച്, എല്ലാ പാർട്ടികളുടേയും പ്രതിനിധികൾ അതിന് നേതൃത്വം കൊടുക്കാനുമൊക്കെ നിശ്ചയിച്ച് പ്രവർത്തനം ആരംഭിച്ച് മെഷീൻ കൊണ്ടു വന്നപ്പോൾ ആ മെഷീൻ തടയുകയും അതിൽ പങ്കെടുത്ത ബന്ധപ്പെട്ടവരെയെല്ലാം കല്ലെറിയുകയും ചെയ്യുന്ന സ്ഥിതിവിശേഷം വന്നപ്പോൾ സമാധാനപരമായി തന്നെ നിയമപരമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് നിർബന്ധിതമാകുകയാണ് ചെയ്തത്. യഥാർത്ഥത്തിൽ ഇവിടെ ചോദ്യമുന്നയിച്ച അംഗത്തിന്റെ പാർട്ടിയുടെ പ്രതിനിധികളും ഇതരപാർട്ടികളുടെ പ്രതിനിധികളും ഇതിനോട് അനുകൂലമായുള്ള സമീപനം സ്വീകരിച്ചാണ് ഇവിടെയെല്ലാം ഇതുവന്നത്. പക്ഷേ പ്രാദേശികമായി വന്നപ്പോൾ ചില വ്യത്യാസങ്ങൾ കണ്ടു. കേരളത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു ഡിസ്ട്രിക്ടാണ് കാസർകോട് ഡിസ്ട്രിക്ട്. അവിടെയൊരു പവർ പ്രോജക്ട് വരുന്നത് നഷ്ടപ്പെട്ടാൽ നാളെ ആ ജില്ലയിലെ വികസന പ്രക്രീയയുടെ ഭാവി വളരെവളരെ ചുരുങ്ങിയതായിരിക്കും. അതുകൊണ്ട് ആ ജില്ലയുടെ ഭാവി താൽപ്പര്യം പരിഗണിച്ചു ഇതിനോട് എല്ലാവരും സഹകരിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ : കേരളത്തിന്റെ പ്രത്യേകത പരിഗണിച്ച് വൻകിട ജലവൈദ്യുത പദ്ധതികൾ വരുമ്പോൾ ഉണ്ടാകുന്ന തർക്കങ്ങളും പ്രശ്നങ്ങളുമുൾപ്പെടെ കണക്കിലെടുത്തുകൊണ്ട് ചൈനീസ് ടെക്നോളജി അനുസരിച്ച് ഒന്നും രണ്ടും മൂന്നും അഞ്ചും മെഗാവാട്ട് ലഭിക്കുന്ന ചെറിയ ജല വൈദ്യുത പദ്ധതികൾക്ക് ഊന്നൽ നൽകിക്കൊണ്ട് കേരളത്തിലുടനീളം ആ പദ്ധതി നടപ്പിലാക്കുന്നതോടെ ജലവൈദ്യുത പദ്ധതിയുടെ മിച്ചമായി നമുക്ക് ലഭിക്കുകയും ചെയ്തു. വൻകിട ജലവൈദ്യുത പദ്ധതിയുടെ പ്രശ്നം പരിഹരിക്കാനും സാധിക്കും ആ നിലപാട് ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. എസ്. ശർമ്മ : അത്തരമൊരു നിലപാടിന് ഊന്നൽ നൽകികൊണ്ട് ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ചുകൊണ്ടുള്ള ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒന്നുരണ്ട് വർഷത്തിനുള്ളിൽ ഒരായിരം മെഗാവാട്ടിന്റെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനത്തിലേയ്ക്ക് പ്രവേശിപ്പിക്കുവാൻ കഴിയത്തക്കവിധത്തിൽ ഒരു സ്പെഷ്യൽ ഡ്രൈവ് ഈ കാര്യത്തിൽ നടത്തുന്നതിന് പ്രത്യേകിച്ചും ശ്രദ്ധിക്കുന്നതാണ്.

ശ്രീ. പി. പി. തങ്കച്ചൻ : സർ, രണ്ടു മൂന്നു ദിവസങ്ങൾക്കു മുമ്പ് മാതൃഭൂമി പത്രത്തിലൊരു വാർത്തവന്നിരുന്നു. അതായത് കേന്ദ്ര പൂളിൽ നിന്നു വില കുറഞ്ഞ വൈദ്യുതി യഥാസമയം എടുക്കാൻ നടപടി സ്വീകരിക്കാത്തതിനെ

തുടർന്ന് അറുപത് അറുപത്തി നാലു കോടി രൂപയുടെ നഷ്ടം വൈദ്യുതി ബോർഡിനു വന്നിരിക്കുന്നു. ബോർഡിന്റെ ഭാഗത്തു നിന്ന് അനാസ്ഥ വന്നിട്ടുണ്ടെന്നുള്ള നിലയിലാണ് വാർത്ത വന്നിട്ടുള്ളത്. അതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിച്ചോ? അങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽ അതിന് ഉത്തരവാദികളായവരുടെ പേരിൽ നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എസ്. ശർമ്മ : പത്രത്തിൽ വാർത്ത കണ്ടതിന്റെയടിസ്ഥാനത്തിൽ ഒരു പരിശോധന നടത്തുകയുണ്ടായി. എനർജി ആഡിറ്റ് നടക്കുന്നതു മാസത്തിലൊരിക്കലാണ്. പത്രത്തിൽ ആഴ്ചയിലൊരിക്കലെന്നുള്ള കണക്കിന്റെ അടിസ്ഥാനത്തിൽ നാലര കോടി രൂപയുടെ നഷ്ടം സംഭവിച്ചു എന്നാണ് വന്നിരിക്കുന്നത്. ജൂൺ 22 വരെയുള്ള ഒരു മാസത്തെ ആവറേജ് എനർജി ആഡിറ്റ് നോക്കിയപ്പോൾ ഫലത്തിൽ കൂടുതലാണ് നമ്മെളെടുത്തിരിക്കുന്നത്. കേന്ദ്ര വിഹിതമെടുക്കുന്നതു കുറയുകയില്ല അല്പം കൂടുകയാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് ആ വാർത്ത അടിസ്ഥാനമില്ലാത്തതാണെന്നാണ് ഗവൺമെന്റിനു ലഭിച്ചിട്ടുള്ള വിവരം.

ശ്രീ. എം. വി. ജയരാജൻ : വടക്കൻ കേരളത്തിൽ വിദ്യുച്ഛക്തി ഉൽപാദന പദ്ധതികൾ ഈ ഗവൺമെന്റ് വന്നതിനുശേഷം മാത്രമാണ് ആരംഭിച്ചത്. ഉൽപാദനവും ഈ ഗവൺമെന്റ് വന്നതിനുശേഷം മാത്രമാണ് ആരംഭിച്ചത്. അതിലേറ്റവും പ്രധാനപ്പെട്ടതാണ് കണ്ണൂർ പവർ പ്രോജക്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് അത് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചത്. അതിന്റെ പുരോഗതി വ്യക്തമാക്കാമോ ? അതു വിലയിരുത്തുന്നതിനുവേണ്ടി എന്തെങ്കിലും പ്രത്യേക സംവിധാനം ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. എസ്. ശർമ്മ : കണ്ണൂർ പവർ പ്രോജക്ട്, കൊച്ചിൻ റിഫൈനറിയുടെ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ബൈപ്രോഡക്ടു ഉപയോഗിച്ചുകൊണ്ടുള്ള വൈദ്യുതി, സിയാസിൻ പ്രോജക്ട് തുടങ്ങിയ വിവിധ പ്രോജക്ടുകൾ ഇതിനകം ടെക്നോ-ഇക്കണോമിക് ക്ലിയറൻസ് കിട്ടിയതാണ് ടെക്നോ-ഇക്കണോമിക് ക്ലിയറൻസു കിട്ടുന്നതിനുവേണ്ടി പ്രവർത്തിച്ചു വരുന്നതായ നിരവധി പ്രോജക്ടുകളുണ്ട്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം മൗലികമായി ലോംഗസ്റ്റു പിരീയഡിൽ ചീപ്പസ്റ്റു പവറെന്നുള്ളരീതിയിലായിരിക്കും പ്രോജക്ടുകളാരംഭിക്കുന്നതിന് മുൻഗണന നൽകുന്നത്. ദീർഘകാലത്തേക്ക് ചുരുങ്ങിയ വിലയ്ക്ക് വൈദ്യുതി നൽകുന്ന പ്രോജക്ടുകൾക്കായിരിക്കും escrow നൽകുക. അതിന് ട്രാൻസ്പാരന്റായിട്ടുള്ള ഒരു ഗൈഡ് ലൈൻസു ഗവൺമെന്റ് ഡ്രാഫ്ട് ചെയ്തു വരികയാണ്. escrow നൽകുന്നതിന് ചീപ്പസ്റ്റു പവർ, ലോംഗസ്റ്റു പീരിയഡ് എന്നുള്ള ഒരു പ്രിൻസിപ്പൾ ഉപയോഗിച്ചായിരിക്കും ഈ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഈയടുത്ത കാലത്തായി ഇന്ത്യാ ഗവൺമെന്റിന്റെ ഒരു തീരുമാനം പത്രത്തിൽ വായിക്കാനിടയായി. അൺ അലോക്കറ്റഡ് സർപ്ലസായി സെൻട്രൽ പൂളിൽ നിന്ന് സംസ്ഥാനമെടുത്തിട്ടുള്ള ഇലക്ട്രിക്സിറ്റി ചാർജ്ജിനത്തിൽ കേന്ദ്ര ഗവൺമെന്റിനടയ്ക്കാനുള്ള തുക

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ പ്ലാൻ ഫണ്ടിനകത്തു നിന്ന് കട്ടു ചെയ്യാൻ സാധ്യതയുണ്ടെന്ന്. നമ്മുടെ പ്ലാൻ ഫണ്ടിൽ നിന്നു കട്ടു ചെയ്യാൻ സാധ്യതയുണ്ടെന്നു പറഞ്ഞു വളരെ ആശാങ്കജനകമായ ഒരു വാർത്ത പത്രത്തിൽ കാണാനിടയായി. അതിന്റെ സത്യാവസ്ഥയെന്താണ് ? ഗവൺമെന്റ് അതിനെക്കുറിച്ചു പരിശോധിച്ചിട്ടുണ്ടോ ? അങ്ങനെ വന്നാൽ അൺ അലോക്കേറ്റഡ് സർപ്ലസ്സായി നമ്മുടെ സംസ്ഥാനത്തിനു കിട്ടാനുള്ള വൈദ്യുതി, സെൻട്രൽ പൂളിൽ നിന്നുള്ള ഇലക്ട്രിക്സിറ്റിയുടെ ഇങ്ങോട്ടുള്ള വരവിനെ അതു ബാധിക്കുമോ ?

ശ്രീ. എസ്. ശർമ്മ : ഇലക്ട്രിക്സിറ്റി ബിൽ 2000-ന്റെ ഉള്ളടക്കത്തിലും ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ളതായ പ്രശ്നം സൂചിപ്പിച്ചിട്ടുണ്ട്. പവർ മിനിസ്റ്റേഴ്സ് കോൺഫറൻസിൽ സർക്കുലേറ്റ് ചെയ്തിട്ടുള്ള സെൻട്രൽ ഗവൺമെന്റിന്റെ നോട്ടിലും ഈ കാര്യം സൂചിപ്പിച്ചിട്ടുണ്ട്. അടുത്ത കാലത്തായി ഒരു സബ് കമ്മറ്റി ഡിസിഷനെടുത്തതായും പത്ര മാധ്യമങ്ങൾ വഴിയും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇതിനെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തുകയും നമ്മുടെ കേരളത്തെ സംബന്ധിച്ചിടത്തോളം അങ്ങനെയൊരു കുടിശ്ശികയോ വീഴ്ചയോ അടയ്ക്കുന്ന കാര്യത്തിൽ ഇതുവരെ വീഴ്ചയില്ല. ബോർഡ് കടത്തിലാണ്, അതേ സമയം പൈസ അടയ്ക്കുന്ന കാര്യത്തിൽ യാതൊരു വിഴ്ചയും വന്നിട്ടില്ല. പ്ലാൻ ഫണ്ട് കട്ടു ചെയ്യാനുള്ള തീരുമാനം-സെൻട്രൽ ഗവൺമെന്റ് ഇക്കാര്യത്തിൽ ചെയ്യുന്നതു സംസ്ഥാനങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനങ്ങളുടെ മുകളിൽ ഒരു മേധാവിത്വപരമായ സമീപനം സ്വീകരിക്കുവാനുള്ള പ്രവണത സെൻട്രലിൽ ശക്തിപ്പെട്ടു വരുന്നതായിട്ടുള്ള ഒരു സൂചനയായിട്ടാണ് ഗവൺമെന്റ് ഈ പ്രശ്നത്തെ കണക്കാക്കിയിട്ടുള്ളത്. സെൻട്രൽ ഗവൺമെന്റിന്റെ ഈ തീരുമാനത്തിനെതിരായിട്ടുള്ള സംസ്ഥാന ഗവൺമെന്റുകളുടെ നിലപാട് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ചി. സി. ജോർജ് : മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് ആരംഭിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപനമുണ്ടായിരുന്നു. എന്റെ നിയോജക മണ്ഡലത്തിൽ തലനാട് പഞ്ചായത്തിൽ മാർമല അരുവിപ്രദേശത്തു അതിനുള്ള ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞതായിട്ടാണ് മനസ്സിലാക്കുന്നത്. ഇപ്പോൾ അതിന്റെ നടപടി ക്രമം എവിടം വരെയായി ? ജില്ലാ പഞ്ചായത്തുകളുടെ സഹായത്തോടു കൂടി ചെയ്യുമെന്നാണ് മന്ത്രി പറഞ്ഞത്. അതെന്തായി എന്നു പറയാമോ ?

ശ്രീ. എസ്. ശർമ്മ : ഇപ്പോൾ പാലക്കാട് ജില്ലയിലാണ് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. കോഴിക്കോട് ജില്ല ഇതിനോടകം പ്രോജക്ട് സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. കോട്ടയം ജില്ലയിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞിട്ടുള്ള ഈ പ്രശ്നം പ്രത്യേകം പരിശോധിക്കുന്നതാണ്.

ശ്രീ. പാലോട് രവി : ഇലക്ട്രിസിറ്റി ബിൽ 2000-ൽ ഉൽപ്പാദനച്ചിലവുമായി ബന്ധപ്പെട്ട് താരിഫ് റിവൈസ് ചെയ്യണമെന്നുള്ള നിർദ്ദേശമാണ് ഉൾക്കൊള്ളിച്ചിരുന്നത്. അങ്ങനെ വരുമ്പോൾ കേരളത്തിൽ ഇലക്ട്രിക്സിറ്റി ബോർഡിനു നഷ്ടമുണ്ടാകുമെന്നറിയാം. പക്ഷേ വൻപിച്ച ഭാരം വീണ്ടും

LIBRARY ARCHIVES Kerala Legislative Assembly

ഉപഭോക്താക്കളുടെ മേൽ അടിച്ചേൽപ്പിക്കാനുള്ള സാധ്യതയുണ്ടാകും. അതൊഴിവാക്കുന്നതിന് കേരളത്തിലെ ഗാർഹിക ഉപഭോക്താക്കൾക്ക് എന്തെങ്കിലും സബ്സിഡി കൊടുക്കാനോ സൗജന്യം കൊടുക്കാനോ ഗവൺമെന്റ് പ്രത്യേകമായി ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എസ്. ശർമ്മ : അതു ഒഴിവാക്കുന്നതിനുള്ള ഏറ്റവും നല്ല മാർഗ്ഗം യു.ഡി.എഫ്. എന്നോ എൽ. ഡി. എഫ്. എന്നോ വ്യത്യാസമില്ലാതെ ഒരു നിലപാടെടുത്ത് രാജ്യസഭയിൽ ഒറ്റക്കെട്ടായി നിന്നാൽ ഇലക്ട്രിസിറ്റി 2000 ബിൽ തള്ളിക്കളയാൻ ഇടവരും. അപ്പോൾ പിന്നെ ആ പ്രശ്നം വരില്ല.

മി. സ്പീക്കർ : ചോദ്യം നമ്പർ 182

അംബേദ്ക്കർ ഗ്രാമങ്ങളിലുള്ളവർക്ക് പട്ടയം

2 (*182) ശ്രീ. എം. കെ. മുനീർ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംബേദ്ക്കർ ഗ്രാമങ്ങളിൽ താമസിക്കുന്ന എല്ലാ കുടുംബങ്ങൾക്കും പട്ടയം നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇനിയും എത്ര കുടുംബങ്ങൾക്ക് പട്ടയം നൽകാൻ ഉണ്ടെന്ന കാര്യം വെളിപ്പെടുത്തുമോ ;

(സി) ഇക്കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ,

(എ) ഇല്ല

(ബി) പട്ടികജാതി വികസനവകുപ്പിനു കീഴിലുള്ള അംബേദ്ക്കർ ഗ്രാമങ്ങളിലെ 1,461 കുടുംബങ്ങൾക്കും പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള അംബേദ്ക്കർ ഗ്രാമങ്ങളിലെ 1,082 കുടുംബങ്ങൾക്കും പട്ടയം നൽകുവാനുണ്ട്.

(സി) കൂട്ടുകുടുംബ വ്യവസ്ഥയിൽ കഴിഞ്ഞുവരുന്ന ഗ്രാമവാസികൾ ഭൂമി ഭാഗം വച്ച് രണ്ടു മൂന്നു സെന്റുകളിലായിട്ടാണ് ഇപ്പോൾ താമസിച്ചുവരുന്നത്. നിയമപ്രകാരം ഇവർ ഓരോരുത്തരുടേയും കൈവശത്തിൽ ഇപ്പോഴുള്ള ഭൂമി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതല്ല. ഇക്കാരണത്താൽ പട്ടയം നൽകാൻ കാലതാമസം നേരിടുന്നുണ്ട്. വനഭൂമിയിൽ വസിക്കുന്നവർക്ക് കൈവശരേഖ നൽകിയിട്ടുണ്ട്. സർക്കാർ ഭൂമി വിലയ്ക്ക് വാങ്ങി പുനരധിവസിപ്പിച്ചവരുടെ കാര്യത്തിലും കൈവശരേഖയാണ് നൽകിയിട്ടുള്ളത്. ശേഷിക്കുന്നവരുടെ കാര്യത്തിൽ പട്ടയം നൽകാൻ നടപടി കൈക്കൊണ്ടുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly